പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2899 — 13/07/2015 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിലെ ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ദുരിതാശ്വാസ നിധിയിലെ ചികിത്സാ ധനസഹായ വിതരണത്തിലുണ്ടാവുന്ന കാലതാമസം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(ബി) അടിയന്തരമായി ലഭിക്കേണ്ട ചികിത്സാ ധനസഹായം യഥാ സമയം ലഭിക്കാത്തത് കാരണം രോഗികൾക്കുണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(സി) രോഗത്തിന്റെ പ്രാധാന്യവും രോഗിയുടെ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കി ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br>ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.<br>ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണ ഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ